പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3173 | 22.06.2012 ൽ മറുപടിയ്ക്ക് |
|---|---|
| **അംഗനവാടി ജീവനക്കാരുടെ പെൻഷൻ പ്രായം** | |
| ചോദ്യം | ഉത്തരം |
| ശ്രീ. ബി. സത്യൻ | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും<br>വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ അംഗനവാടി ജീവനക്കാരുടെ പെൻഷൻ പ്രായം എത്രയാണ്; വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്തെ അംഗൻവാടി ജീവനക്കാരുടെ പെൻഷൻ പ്രായം 31.05.2012-ലെ സ.ഉ.(എം.എസ്) നം. 33/2012/സാക്ഷേവ പ്രകാരം 62 വയസ്സായി നിജപ്പെടുത്തിയിട്ടുണ്ട്. |
| (ബി) അംഗനവാടി ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ എപ്രകാരമാണെന്ന് വിശദമാക്കുമോ; | (ബി) അംഗൻവാടി ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ ചുവടെ ചേർക്കും പ്രകാരമാണ് നൽകി വരുന്നത്.<br>• അംഗൻവാടി വർക്കർക്ക് 500 രൂപയും ഹെൽപ്പർക്ക് 300 രൂപയുമാണ് പ്രതിമാസ പെൻഷനായി നൽകി വരുന്ന്.<br>• അംഗൻവാടി വർക്കർ/ഹെൽപ്പർ തസ്തികയിൽ 10 വർഷമോ അതിൽ കൂടുതലോ ജോലി ചെയ്തവരും ക്ഷേമനിധിയിൽ അംഗത്വമുള്ളവരും ക്ഷേമനിധി വിഹിതം അടയ്ക്കുന്നതിൽ മുടക്കം വരുത്താത്തവരുമായ ജീവനക്കാർക്ക് 62 വയസ്സ് തികയുന്ന തീയതി മുതൽ പെൻഷൻ ലഭിക്കാൻ അർഹത ഉണ്ടായിരിക്കും. 10 വർഷത്തെ സർവ്വീസിൽ ബാലവാടികളിലെ സർവ്വീസും കണക്കാക്കുന്നതാണ്.<br>• അംഗൻവാടി ക്ഷേമനിധിയിൽ അംഗമായിട്ടുള്ളവർ ക്ഷേമനിധിയിൽ അടച്ചിട്ടുള്ള തുകയും, ആയതിന് ലഭിക്കുന്ന 11% ബാങ്ക് പലിശയും ക്ഷേമനിധിയിൽ അടച്ച തുകയ്ക്ക് |

| | |
|---|---|
| | തുല്യമായ സർക്കാർ വിഹിതവും ചേർന്ന തുക ക്ഷേമനിധി ആനുകൂല്യമായി നൽകി വരുന്നുണ്ട്.<br>• 10 വർഷത്തിൽ കുറഞ്ഞ സർവ്വീസുള്ള അംഗൻവാടി വർക്കർ/ഹെൽപ്പർമാർ പിരിഞ്ഞു പോകുമ്പോൾ നിലവിലുള്ള ക്ഷേമനിധി ചട്ടങ്ങൾ പ്രകാരം ക്ഷേമനിധിയിൽ അവർ അടച്ച വിഹിതവും സർക്കാർ വിഹിതവും ക്ഷേമനിധി ചട്ടങ്ങളിൽ പറഞ്ഞിട്ടുള്ള പലിശയും മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ.<br>• പെൻഷൻ കൈപ്പറ്റി വരുന്നയാൾ മരണപ്പെടുന്ന പക്ഷം അവരുടെ അവകാശികൾക്ക് അംഗൻവാടി വർക്കർ മാരുടേതാണെങ്കിൽ 15,000/- രൂപയും ഹെൽപ്പർമാരുടേതാണെങ്കിൽ 10,000/- രൂപയും ഒറ്റത്തവണ എക്സ്ഗ്രേഷ്യയായി നൽകുന്നതാണ്.<br>• സർവ്വീസിൽ നിന്ന് വിരമിക്കുന്ന ഏതെങ്കിലും അംഗൻവാടി വർക്കർമാർക്കോ ഹെൽപ്പർമാർക്കോ സർക്കാരിൽ നിന്നോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ മറ്റേതെങ്കിലും ക്ഷേമനിധിയിൽ നിന്നോ പെൻഷൻ ലഭിക്കുന്നുണ്ടെങ്കിൽ ഇത്തരക്കാർക്ക് ഈ പദ്ധതി പ്രകാരമുള്ള പെൻഷനോ അല്ലെങ്കിൽ മറ്റ് പെൻഷനോ ഏതെങ്കിലും ഒന്നിന് മാത്രമേ അർഹത ഉണ്ടായിരിക്കുകയുള്ളൂ. ഏതു പെൻഷൻ വേണമെന്ന് നിശ്ചയിക്കാനുള്ള സ്വാതന്ത്ര്യം പെൻഷനർക്കുണ്ടായിരിക്കുന്നതാണ്.<br>• പെൻഷൻ വിതരണം ബാങ്ക് അക്കൗണ്ട് മുഖേനയാണ് നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. |

| | |
|---|---|
| (സി) പ്രസ്തുത പെൻഷൻ സർക്കാരാണോ നൽകുന്നത്; എങ്കിൽ ഇതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) 1992 ൽ രൂപീകരിച്ച അംഗൻവാടി വർക്കേഴ്സ് ആന്റ് ഹെൽപ്പേഴ്സ് ക്ഷേമനിധിയുടെ ഫണ്ടിൽ സ്വരൂപിച്ചിട്ടുള്ള തുക ഉപയോഗിച്ചാണ് പെൻഷൻ നൽകി വരുന്നത്. പ്രസ്തുത പെൻഷൻ സർക്കാർ നൽകുന്നത് സംബന്ധിച്ച് നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ